# ലോകരാജ്യങ്ങൾ



## തുർക്ക്മെനിസ്ഥാൻ

* മുമ്പ് ടർക്ക്മീനിയ എന്നറിയപ്പെട്ടിരുന്ന തുർക്ക്മെനിസ്ഥാൻ, മധ്യേഷ്യയിലെ ടർക്കിക് സ്റ്റേറ്റുകളിലൊന്നാണ്.
* അസർബെയ്ജാൻ, കസഖ്സ്ഥാൻ,കിർഗിസ്ഥാൻ,തുർക്കി, ഉസ്ബെക്കിസ്താൻ എന്നിവയാണ് ടർക്കിക് സ്റ്റേറ്റുകൾ.
* തുർക്ക്മെനിസ്ഥാന്റെ തലസ്ഥാനം അഷ്ഗാബാറ്റ് ആണ്. ഔദ്യോഗിക ഭാഷ തുർക്ക്മെൻ.
* പ്രസിഡൻഷ്യൽ റിപ്പബ്ലിക്കായ തുർക്ക്മെനിസ്ഥാന്റെ നിയമനിർമാണസഭയാണ് മെജ്‌ലിസ്. നാണയം മനാട്ട്.




* ജനസംഖ്യയിൽ ഭൂരിഭാഗവും മുസ്ലിങ്ങളാണ്.
* രാജ്യവിസ്തീർണത്തിന്റെ 80 ശതമാനത്തോളം ഗമൃമ സൗാ മരുഭൂമിയാണ്.

## തുവാലു

* പസഫിക് സമുദ്രത്തിലെ ഒരു പോളിനേഷ്യൻ ദ്വീപാണ് തുവാലു. പഴയ പേര് എലിസ് ദ്വീപുകൾ.
* ഫുണാഫട്ടിയാണ് തലസ്ഥാനം. ഔദ്യോഗിക ഭാഷകൾ തുവാലുവൻ, ഇംഗ്ലിഷ്. നാണയം ഡോളർ.
* ഭരണഘടനാധിഷ്ഠിത രാജവാഴ്ചനിലനിൽക്കുന്ന പാർ




ലമെന്ററി ജനാധിപത്യ രാഷ്ട്രമാണ് തുവാലു.
* യുണൈറ്റഡ് കിങ്ഡത്തിൽനിന്ന് സ്വാതന്ത്ര്യം നേടിയത് 1978-ലാണ്.
* ലോകത്ത് ഏറ്റവും വലുപ്പം കുറഞ്ഞ നാലാമത്തെ രാജ്യമാണ് തുവാലു.

## ഉഗാണ്ട

* കിഴക്കൻ ആഫ്രിക്കയിലെ ഒരു കരബദ്ധരാജ്യമാണ് ഉഗാണ്ട.
* കരബദ്ധരാജ്യങ്ങളിൽ ജനസംഖ്യയിൽ രണ്ടാം സ്ഥാനം ഉഗാണ്ടയ്ക്കാണ്.
* കംപാലയാണ് തലസ്ഥാനം. ഇംഗ്ലീഷും സ്വാഹിലിയും ഔദ്യോഗിക ഭാഷകളാണ്. നാണയം ഷില്ലിങ്.
* 1962-ൽ യുണൈറ്റഡ് കിങ്ഡത്തിൽനിന്ന് സ്വാതന്ത്ര്യം നേടിയ ഉഗാണ്ട ഒരു പ്രസിഡൻഷ്യൽ റിപ്പബ്ലിക്കാണ്.
* ക്രിസ്തുമതമാണ് ഉഗാണ്ടയിലെ പ്രധാന മതം.
* ആലപിക്കാൻ ഏറ്റവും കുറഞ്ഞ സമയം ആവശ്യമായ ദേശീയഗാനം ഉഗാണ്ടയുടേതാണ്-8 ബാറുകൾ മാത്രമാണിതിനുള്ളത്.
* 1971 മുതൽ 1979 വരെ ഉഗാണ്ടയിൽ ഭരണം നടത്തി ലക്ഷക്കണക്കിനാളുകളെ കൊന്നൊടുക്കിയ ഏകാധിപതിയാണ് ഇദി അമീൻ.

## യുക്രയിൻ

* കിഴക്കൻ യൂറോപ്യൻ രാഷ്ട്രമായ യുക്രയിൻ സോവിയറ്റ് യൂണിയനിൽനിന്ന് 1991-ൽ വേർപെട്ടു.
* യൂറോപ്പിൽ മാത്രമായി സ്ഥിതിചെയ്യുന്ന ഏറ്റവും വലിയ രാജ്യമാണ് യുക്രയിൻ.
* കീവ് ആണ് തലസ്ഥാനം. ഔദ്യോഗിക ഭാഷ യുക്രേനിയൻ. നാണയം ഹ്രൈവ്നിയ.
* യുണിറ്ററി സെമി-പ്രസിഡൻഷ്യൽ റിപ്പബ്ലിക്കായ യുക്രയിനിന്റെ നിയമനിർമാണസഭയാണ് Verkhovna Rada.
* ക്രിസ്തുമതത്തിലെ ഓർത്തഡോക്സ് വിഭാഗമാണ് രാജ്യത്തെ പ്രബല മതവിഭാഗം.
* ലോകത്തെ ഏറ്റവും വലിയ ആണവദുരന്തമായ ചെർണോബിൽ ദുരന്തം (1986) നടന്നത് യുക്രയിനിലാണ്.
* യുക്രയിനിൽനിന്ന് സ്വാതന്ത്ര്യം പ്രഖ്യാപിച്ച ക്രിമിയ അറിയപ്പെടുന്നത് കരിങ്കടലിന്റെ റാണി എന്നാണ്.

## യുണൈറ്റഡ് അറബ് എമിറേറ്റ്സ്

* ഏഴ് എമിറേറ്റുകൾ ചേർന്നതാണ് യുണൈറ്റഡ് അറബ് എമിറേറ്റ്സ് (Abu Dhabi, Ajman, Dubai, Fujairah, Ras al-Khaimah, Sharjah, Umm al-Quwain)
* അബുദാബിയാണ് തലസ്ഥാനം. ഏറ്റവും വലിയ നഗരം ദുബായ്.
* അറബിയാണ് ഔദ്യോഗിക ഭാഷ. പ്രധാനമതം ഇസ്ലാം. നാണയം ദിർഹം.
* 1971-ൽ യുണൈറ്റഡ് കിങ്ഡത്തിൽനിന്ന് സ്വാതന്ത്ര്യം നേടി. ഫെഡറൽ നാഷണൽ കൗൺസിൽ ആണ് നിയമനിർമാണസഭ.




* സൗദി അറേബ്യ കഴിഞ്ഞാൽ അറബ് ലോകത്തെ ഏറ്റവും വലിയ സമ്പദ് വ്യവസ്ഥയുള്ള രാജ്യമാണ് യു.എ.ഇ.
* ലോകത്ത് ഏറ്റവും ഉയരംകൂടിയ മനുഷ്യ നിർമിതമായ സംഗതി എന്ന വിശേഷണം സ്വന്തമായ ബുർജ് ഖലീഫ എന്ന 829.8 മീറ്റർ ഉയരമുള്ള കെട്ടിടം ദുബായിയിലാണ്. ഇതിന് 163 നിലകളുണ്ട്. ആഡ്രിയാൻ സ്മിത്താണ് ഇത് രൂപകല്പന ചെയ്തത്. ബിൽ ബേക്കറായിരുന്നു സ്ട്രക്ചറൽ എഞ്ചിനിയർ.
* ലോകത്തിലെ ഏറ്റവും ചരിഞ്ഞ കെട്ടിടമെന്ന റെക്കോഡ് അബുദാബിയിലെ ക്യാപിറ്റൽ ഗേറ്റ് ടവറിനാണ്.
* ലോകത്തിലെ ഏറ്റവും ഉയരംകൂടിയ പിരിയൻ കെട്ടിടമാണ് ദുബായിയിലെ കയാൻ ടവർ. എൺപത് നിലകളുള്ള ഈ കെട്ടിടത്തിന്റെ ഉയരം 306 മീറ്ററാണ്.
* ഏറ്റവും കൂടുതൽ പ്രവാസി മലയാളികളുള്ള രാജ്യം യു.എ.ഇ ആണ്. രണ്ടാംസ്ഥാനത്ത് സൗദി അറേബ്യ.
* കൃത്രിമ ദ്വീപായ പാം ഐലൻഡ് ദുബായിയിലാണ്.

## സ്ലോവാക്യ

* മധ്യ യൂറോപ്പിലെ ഒരു കരബദ്ധരാജ്യമാണ് സ്ലോവാക്യ.
* ബ്രാട്ടിസ്ലാവയാണ് സ്ലോവാക്യയുടെ തലസ്ഥാനം. ഔദ്യോഗിക ഭാഷ സ്ലോവാക്. നാണയം യൂറോ.
* പാർലമെന്ററി റിപ്പബ്ലിക്കായ സ്ലോവാക്യയുടെ നിയമനിർമാണസഭ നാഷണൽ കൗൺസിലാണ്.
* ചെക്കോസ്ലോവാക്യയിലെ 41 വർഷം നീണ്ട കമ്യൂണിസ്റ്റ് ഭരണം അവസാനിച്ച സംഭവമാണ് വെൽവെറ്റ് വിപ്ലവം എന്നറിയപ്പെടുന്നത്.
* ചെക്കോസ്ലോവാക്യ 1993-ൽ ചെക്ക് റിപ്പബ്ലിക്കെന്നും സ്ലോവാക്യ എന്നും രണ്ടായി പിരിഞ്ഞ സംഭവം വെൽവെറ്റ് ഡൈവോഴ്സ് എന്നറിയപ്പെടുന്നു.

## സ്ലോവേനിയ

* മധ്യയൂറോപ്പിലെ ഒരു യുണിറ്ററി പാർലമെന്ററി റിപ്പബ്ലിക്കായ സ്ലോവേനിയയുടെ തലസ്ഥാനം ല്യൂബിയാന (Ljubljana) ആണ്.
* സ്ലോവീൻ ആണ് ഔദ്യോഗിക ഭാഷ. പ്രധാനമതം ക്രിസ്തുമതം. നാണയം യൂറോ.
* പാർലമെന്റിന് നാഷണൽ അസംബ്ലി, നാഷണൽ അസംബ്ലി എന്നിങ്ങനെ രണ്ടു സഭകളുണ്ട്.
* യുഗോസ്ലാവിയയിൽനിന്ന് 1991 -ൽ സ്വതന്ത്രമായി.2004-ൽ യൂറോപ്യൻ യൂണിയനിൽ അംഗത്വമെടുത്തു.
* യൂറോസോണിൽ അംഗമായ ആദ്യ മുൻ കമ്യൂണിസ്റ്റ് രാഷ്ട്രമാണ് സ്ലോവേനിയ (2007).

## സോളമൻ ദ്വീപുകൾ

* ഓഷ്യാനിയയുടെ ഭാഗമായ ദ്വീപസമൂഹമാണ് സോളമൻ ദ്വീപുകൾ. തലസ്ഥാനം ഹോണിയാറ.
* ഇംഗ്ലീഷാണ് ഔദ്യോഗികഭാഷ.നാണയം ഡോളർ. ക്രിസ്തുമതമാണ് പ്രധാന മതം.
* യുണിറ്ററി പാർലമെന്ററി കോൺസ്റ്റിറ്റ്യൂഷണൽ റിപ്പബ്ലിക്കായ സോളമൻ ദ്വീപുകളുടെ രാഷ്ട്രമേധാവി ബ്രിട്ടീഷ് മൊണാർക്കാണ്.
* 1978-ൽ യുണൈറ്റഡ് കിങ്ഡത്തിൽനിന്ന് സ്വാതന്ത്ര്യം നേടി.

## സൊമാലിയ

* ആഫ്രിക്കയുടെ കൊമ്പ് എന്നറിയപ്പെടുന്ന ഭൂഭാഗത്ത് സ്ഥിതിചെയ്യുന്ന രാജ്യമാണ് സൊമാലിയ.
* തലസ്ഥാനവും രാജ്യത്തെ ഏറ്റവും വലിയ നഗരവും മൊഗാദിഷു ആണ്.
* സൊമാലി, അറബി എന്നിവയാണ് ഔദ്യോഗിക ഭാഷകൾ. ഷില്ലിംഗ് ആണ് നാണയം.
* ഫെഡറൽ പാർലമെന്ററി റിപ്പബ്ലിക്കായ സൊമാലിയയുടെ നിയമനിർമാണസഭയുടെ പേര് ഫെഡറൽ പാർലമെന്റ് എന്നാണ്.
* ആഫ്രിക്കയുടെ മെയിൻലാൻഡിൽ ഏറ്റവും കൂടുതൽ




നീളത്തിൽ കടൽത്തീരമുള്ളത് സൊമാലിയയ്ക്കാണ്.
* ഇസ്ലാമാണ് സൊമാലിയിലെ മതം.
* കടൽക്കൊള്ളക്കാരുടെ താവളം എന്ന നിലയിൽ കുപ്രസിദ്ധി നേടിയ രാജ്യമാണ് സൊമാലിയ.

PSC HUNT